# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **2152**

**18.03.2015**- ലെ മറുപടിക്ക്

## സഹകരണ സംഘങ്ങളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. സി.പി. മുഹമ്മദ്

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

എ) സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടവിൽ വീഴ്ച വരുത്തിയിട്ടുള്ളവർക്കെതിരെ നിയമപ്രകാരം നടപടിയെടുക്കാൻ വ്യവസ്ഥ ഉണ്ടായിരിക്കെ സർവ്വീസ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള പല സംഘങ്ങളും വീഴ്ചക്കാർക്കെതിരെ ബ്ലേഡ് മാഫിയ സംഘങ്ങൾ പോലെ പ്രവർത്തിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

ബി) സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്തവരിൽ നിന്നും മുൻകൂറായി വാങ്ങുന്ന തുകയെഴുതാത്ത ചെക്ക് ലീഫുകൾ പല സംഘങ്ങളും ദുരുപയോഗം ചെയ്ത് വായ്പക്കാർക്കെതിരെ ചെക്ക് കേസുകൾ ഫയൽ ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) ചില സംഘങ്ങളിൽ അപ്രകാരം ബ്ലാങ്ക് ചെക്ക് ലീഫുകൾ ഒപ്പിട്ടു വാങ്ങിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സി) ഇതു സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർക്ക് ലഭിക്കുന്ന പരാതികളിന്മേൽ യുദ്ധകാലാടിസ്ഥാനത്തിൽ നടപടിയെടുക്കുവാനും വായ്പക്കാർക്ക് നീതി ലഭിക്കുവാനും സംഘം ഭാരവാഹികൾക്കെതിരെ നടപടിയെടുക്കാനും നിർദ്ദേശം നൽകാമോ?

സി) സഹകരണനിയമം ചട്ടം എന്നിവ അനുശാസിക്കുന്ന റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനു പകരം വായ്പക്കാരിൽ നിന്നും ബ്ലാങ്ക് ചെക്ക് ലീഫുകൾ ഒപ്പിട്ടു വാങ്ങി വായ്പ നൽകുന്ന നടപടി അവസാനിപ്പിക്കുന്നതിനും അത്തരം ക്രമരഹിതമായ കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ സംഘങ്ങളുടെ സെക്രട്ടറി /ചീഫ് എക്സിക്യൂട്ടീവിനെതിരെ സഹകരണ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിനും ജോയിന്റ് രജിസ്ട്രാർ (ജനറൽ ) മാർക്ക് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**